DESPATCHED
On 25/02/2020

3/02/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001

**Tel: 0471- 2561631, 2561615, Fax: 0471-2330920**

**Email:- sic@kerala.nic.in**

**ഹർജി നമ്പർ CP.No. 877(5)/18/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 13034/SIC-G7/2018**

സന്നിഹിത

ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ശ്രീ. അനിൽ ആൽബിൻ, പാർട്ണർ,**
**മേലയിൽ ഇൻഡസ്ട്രിയൽ &**
**കൊമേഴ്സ്യൽഎന്റർപ്രൈസസ് (MICE),**
**മേലയിൽ, മതിലിൽ,**
**പെരിനാട് പി.ഒ., കൊല്ലം – 691 601.** } പരാതിക്കാരൻ

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**O/o സ്പെഷ്യൽ തഹസിൽദാർ (LA. 1),**
**കൊല്ലം.** } എതിർകക്ഷി

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 27.09.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | .......... |
| കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ച തീയതി | 13.11.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 25.10.2019, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം. |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നു |

1. പരാതിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, 1982 ലെ സബ് ഡിവിഷൻ സ്റ്റേറ്റ്മെന്റ് സ്പെഷ്യൽ തഹസിൽദാർ (എൽ.എ1)ന്റെ നേതൃത്വത്തിൽ സൃഷ്ടിച്ചതിനാൽ ടി സബ് ഡിവിഷൻ സ്റ്റേറ്റ്മെന്റിൽ കൊല്ലം ജില്ലയിൽ ശക്തികുളങ്ങര വില്ലേജിൽ പഴയ സർവ്വെ നമ്പരുകളായ 2/78/113/115 ന്റെയും 2/78/113/117 ന്റെയും റീ സർവ്വെ നമ്പർ 16/11 ആണെന്ന് എത് രേഖകളുടെ അടിസ്ഥാനത്തിലാണ് സൃഷ്ടിച്ചതെന്നും, ടി രേഖ കളുടെ അറ്റസ്റ്റഡ് കോപ്പിയും, 1982 ലെ സബ് ഡിവിഷൻ സ്റ്റേറ്റ്മെന്റ് സൃഷ്ടിച്ചത് സ്പെഷ്യൽ

തഹസിൽദാർ (എൽ.എ.1) ന്റെ ഓഫീസ് അല്ലെങ്കിൽ ആയതിന്റെ വിശദ വിവരങ്ങളുടെയും, അനുബന്ധരേഖകളുടെയും അറ്റസ്റ്റഡ് കോപ്പി എന്നിവയാണ്.

2. ടി അപേക്ഷയ്ക്ക വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചു. പരാതി ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ പരാതിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്, മേപ്പടി വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട പകർപ്പുകളും വിവരവും ലഭ്യമായിട്ടില്ല എന്നും മേൽ പറഞ്ഞ രേഖകൾ നൽകാത്തത് മന:പൂർവ്വമാണെന്നും റീ സർവ്വെ നമ്പരും പഴയ സർവ്വെ നമ്പരും മാറ്റി അർഹതയില്ലാത്തവർക്ക് നഷ്ട പരിഹാര തുക നേടി കൊടുക്കുന്നതിന് ടി 1982 ലെ സബ് ഡിവിഷൻ സ്റ്റേറ്റ്മെന്റ് ഉപയോഗിച്ച് രജിസ്റ്റേർഡ് വസ്തുക്കൾ പുറമ്പോക്കാക്കുകയും പുറമ്പോക്ക് വസ്തുക്കൾ രജിസ്റ്റേർഡ് വസ്തുക്കൾ ആക്കുകയും ചെയ്യുന്നു എന്നാണ്.

3. പരാതിക്കാരൻ ഒരു വിഷയത്തിൽ തന്നെ ഓരോ വർഷവും നൂറ് കണക്കിന് അപേക്ഷകൾ സമർപ്പിക്കുന്നതുകൊണ്ട് ഏത് അപേക്ഷയ്ക്ക് മറുപടി നൽകി എന്നോ, നൽകിയില്ല എന്നോ കണ്ടുപിടിക്കാൻ സാധിക്കാതെ വരുന്നു എന്നാണ് എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്. മേപ്പടി വിവരാവകാശ അപേക്ഷയുമായി ബന്ധപ്പെട്ട് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ അറിയിക്കുന്നത്, ശക്തികുളങ്ങര വില്ലേജിൽ ബ്ലോക്ക് –1 ൽ സർവ്വെ ഫീൽഡ് 16 ൽ ഉൾപ്പെട്ട പരാതിക്കാരന്റെ പിതാവായ എഫ്.വി. ആൽബിന്റെ സ്ഥലങ്ങൾ നീണ്ടകര ഫിഷിംഗ് ഹാർബറിന് വേണ്ടി രണ്ട് ഘട്ടങ്ങളിലായി പൊന്നുംവിലയ്ക്ക് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട വിഷയമാണ് എല്ലാ പരാതിയിലും പരാതിക്കാരൻ ഉന്നയിക്കുന്നത് എന്നും, ഒരേ ചോദ്യം തന്നെ എല്ലാ ഓഫീസുകളിലും ചോദിക്കുന്നു എന്നും, അപേക്ഷകളുടെ ബാഹുല്യം കണക്കിലെടുത്ത് ഡെപ്യൂട്ടി കളക്ടർ (എൽ.എ.) ഒരു സമിതി രൂപീകരിച്ച് ശക്തികുളങ്ങര വില്ലേജിൽ നിന്നും റെക്കോർഡ് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി നടപടി സ്വീകരിച്ചു വരുന്നു എന്നും മറ്റുമാണ്.

4. പരാതി ഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ, ടിയാൻ ആവശ്യപ്പെട്ട വിവരം ലഭ്യമായിട്ടില്ല എന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു. എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ട് വിലയിരുത്തുമ്പോൾ, ടി സർവ്വെ നമ്പരുമായി ബന്ധപ്പെട്ട പ്രസ്തുത സ്ഥലങ്ങളിൽ മറ്റൊരു വ്യക്തി പാട്ടത്തിന് നൽകിയ വസതുവും ഉൾപ്പെട്ടു വരുന്നു എന്നും പ്രസ്തുത വസ്തു തർക്കവുമായി ബന്ധപ്പെട്ട് കൊല്ലം മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നതായും ആയത് അപ്പീൽ തള്ളി വിധിയായി എന്നും പൊന്നും വിലയ്ക്ക്

എടുത്ത് അവാർഡ് തുക കോടതിയിൽ കെട്ടിവച്ചിട്ടുള്ളതാണെന്നും അറിയിക്കുന്നു. ഇക്കാര്യം കൂടുതൽ പരിശോധിക്കുമ്പോൾ ടിയാന്റെ അപേക്ഷയ്ക്ക് മറുപടി നൽകണമെന്നതിലുപരി ഒരു ശാശ്വത പരിഹാരമാണ് അനുയോജ്യം എന്ന് കമ്മീഷന് ബോദ്ധ്യപ്പെടുന്നു. എന്നിരുന്നാലും ടി വസ്തു സംബന്ധിച്ച് ഓഫീസിൽ ലഭ്യമായ വിവരം പരാതിക്കാരന് നൽകണമെന്ന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകുന്നു. കൂടാതെ ടിയാൻ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കോടതി വഴി ശാശ്വത പരിഹാരം കാണേണ്ടതാണെന്ന് പരാതിക്കാരന് നിർദ്ദേശം നൽകുന്നു. ഇപ്രകാരം ഈ പരാതി ഹർജി **ഇന്നേ ദിവസം 2020 ജനുവരി മാസം 31 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ഫിനാൻസ് എക്സ്പേർട്ട്**